ഓടിക്കുകയാണ് ചെയ്യുന്നത്. മരുന്ന് പുറത്തുകൊണ്ടു പോകുന്നു. ആമ്പുലൻസ് ദുരുപയോഗപ്പെടുത്തുന്നു. പഞ്ചായത്ത് കമ്മിറ്റിയും പൊറുതി മുട്ടിക്കഴിയുകയാണ്. മനുഷ്യത്വരഹിതമായി പെരുമാറുന്ന ഡോക്ടർമാരെ സ്ഥലം മാറ്റി, ഐ.പി. കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ, കാര്യക്ഷമതയുടെ പ്രതീകമായ മന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട വർക്കല കഹാർ പറഞ്ഞതനുസരിച്ചാണെങ്കിൽ കാര്യങ്ങൾ വളരെ ഗൗരവമുള്ളതാണ്. ഗവൺമെന്റ് നിശ്ചയമായും അതിനെക്കുറിച്ച് അന്വേഷണം നടത്തും. ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകണമെന്നുള്ള ആഗ്രഹത്തിൽ തന്നെയാണ് ഡിപ്പാർട്ടുമെന്റും നിൽക്കുന്നത്. ഈ ആശുപത്രിയുടെ പ്രവർത്തനത്തെക്കുറിച്ച് ഡി.എച്ച്.എസ്.-നെക്കൊണ്ട് അന്വേഷിപ്പിക്കുന്നതാണ്.

(32) കിളിമാനൂർ ടൗണിലെ റോഡ് വികസനം

ശ്രീ. എൻ. രാജൻ: സർ, കെ.എസ്.ടി.പി. റോഡു വികസനവുമായി ബന്ധപ്പെട്ടുകൊണ്ട് കിളിമാനൂർ ടൗണിലെ റോഡ് വികസനം കഴിഞ്ഞ രണ്ട് മാസമായി നിർത്തിവച്ചിരിക്കുകയാണ്. കിളിമാനൂർ ആലങ്കോട് റോഡും അതുപോലെ എം.സി. റോഡും കൂടി ചേർന്ന ഭാഗമാണ കിളിമാനൂർ ടൗൺ. വാഹനത്തിരക്കും ജനബാഹുല്യവും കാരണം എപ്പോഴും അപകടം പതിയിരിക്കുന്ന തരത്തിലേയ്ക്ക് ആ ടൗൺ മാറിയിരിക്കുകയാണ്. നൂറു കണക്കിന് ടാക്സികൾ, ഓട്ടോകൾ, ടെമ്പോകൾ ഇവയൊക്കെ പാർക്കു ചെയ്യുന്ന ഒരു പ്രധാനപ്പെട്ടസ്ഥലമാണ് കിളിമാനൂർ ടൗൺ. അതുപോലെതന്നെ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ വിച്ഛേദിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് അവിടത്തെ കംഫർട്ട് സെന്ററിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. തട്ടത്തുമല - മണലേത്തുപച്ച പ്രദേശങ്ങളിൽ, ചില പ്രദേശങ്ങളിലെ പണി പൂർത്തിയായ വീടുകൾ, ഭിത്തി കെട്ടിയിതിന്റെ അടിസ്ഥാനത്തിൽ 50-ൽപ്പരം അടി താഴ്ചയിലായി. അവരും അപകടത്തിൽ കഴിയുകയാണ്. ഓട നികത്തിയതിന്റെ അടിസ്ഥാനത്തിൽ ചില വീടുകൾ വെള്ളംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. അവരും അപകടഭീഷണിയിലാണ്. ഇതൊക്കെ പരിഹരിച്ചുകൊണ്ട് കിളിമാനൂർ ടൗണിലെ ദുരന്തം ഒഴിവാക്കുന്നതിനു വേണ്ടി, എത്രയും പെട്ടെന്ന് അവിടത്തെ പണി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എൻ. രാജൻ: സർ, കെ.എസ്.ടി.പി. റോഡുകളുമായി ബന്ധപ്പെട്ടുകൊണ്ട് കിളിമാനൂർ ടൗണിലെ റോഡ് വികസനം കഴിഞ്ഞ രണ്ട് മാസമായി നിർത്തിവച്ചിരിക്കുകയാണ്. കിളിമാനൂർ ആലങ്കോട് റോഡും എം.സി. റോഡുംകൂടി ചേരുന്ന ഭാഗമാണ് കിളിമാനൂർ ടൗൺ. വാഹനത്തിരക്കും

LIBRARY ARCHIVES Kerala Legislative Assembly

ജനബാഹുല്യവും കാരണം എപ്പോഴും അപകടം പതിയിരിക്കുന്ന തരത്തിലേയ്ക്ക് ആ ടൗൺ മാറിയിരിക്കുകയാണ്. നൂറു കണക്കിന് ടാക്സികൾ, ഓട്ടോകൾ, ടെമ്പോകൾ ഇവയൊക്കെ പാർക്ക് ചെയ്യുന്ന ഒരു പ്രധാനപ്പെട്ട സ്ഥലമാണ് കിളിമാനൂർ ടൗൺ. അതുപോലെതന്നെ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ വിചേഛേദിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് അവിടുത്തെ കംഫർട്ട് സ്റ്റേഷന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. തട്ടത്തുമല മണലേത്തുപച്ച പ്രദേശങ്ങളിൽ പണി പൂർത്തിയായ ചില പ്രദേശങ്ങളിലെ വീടുകൾ ഭിത്തികെട്ടിയതിന്റെ അടിസ്ഥാനത്തിൽ 50 അടി താഴ്ചയിലായി. അവരും അപകടത്തിൽ കഴിയുകയാണ്. ഓട നികത്തിയതിന്റെ അടിസ്ഥാനത്തിൽ ചില വീടുകൾ വെള്ളംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. അവരും അപകട ഭീഷണിയിലാണ്. ഇതൊക്കെ പരിഹരിച്ചുകൊണ്ട് കിളിമാനൂർ ടൗണിലെ ദുരന്തം ഒഴിവാക്കുന്നതിനുവേണ്ടി എത്രയും പെട്ടെന്ന് അവിടുത്തെ പണി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): കെ.എസ്.ടി.പി. റോഡ് വികസനവുമായി ബന്ധപ്പെട്ട് കിളിമാനൂർ ടൗണിൽ ഓട നിർമ്മിക്കുന്നപണി ചെയ്യാൻ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റക്കാരെ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള കാലതാമസം ഉണ്ടായി. പണി വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഓട പണി പൂർത്തിയായാൽ ഉടൻ കംഫർട്ട് സ്റ്റേഷന്റെ കണക്ഷനുകൾ പുന:സ്ഥാപിക്കുന്നതാണ്. ഭീഷണിയുള്ള കെട്ടിടങ്ങളുടെ സ്ഥിതി നിർണ്ണയം നടത്തി എം.എൽ.എ. സൂചിപ്പിച്ചതനുസരിച്ച് കാര്യങ്ങൾ പരിശോധിച്ച് സത്വര നടപടികൾ ഉടനെ സ്വീകരിക്കുന്നതാണ്.

(33) പാണൻ വിഭാഗത്തിന്റെ സംവരണാനുകൂല്യം തട്ടിയെടുത്തവർക്കെതിരെ നടപടി

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിലെ മൂന്നു ലക്ഷത്തോളം വരുന്ന പാണൻ സമുദായത്തിന് ഭരണഘടനാപരമായി ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ പല രീതിയിലും തട്ടിയെടുക്കുന്നതായി അറിയാൻ കഴിയുന്നുണ്ട്. തമിഴ്നാട്ടിൽനിന്നും തിരുവനന്തപുരം ജില്ലയിലേയ്ക്ക് കുടിയേറിപ്പാർത്തവരാണ് കാലാകാലങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ വ്യാജ ജാതി സർട്ടിഫിക്കറ്റ് കരസ്ഥമാക്കി തട്ടിയെടുക്കുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ്. അങ്ങനെയുള്ളവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും കാലാകാലങ്ങളിൽ പാണൻ സമുദായത്തിന് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly